# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *259 11/10/2011-ലെ മറുപടിക്ക്

<u>വിദേശ ഭാഷാ പഠനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻ കുട്ടി<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എം. ഉമ്മർ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്ത് വിദേശ ഭാഷാ പഠനത്തിന് നിലവിലുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് വിദേശ ഭാഷാ പഠനത്തിന് സർവകലാശാലാ തലത്തിലും കോളേജ് തലത്തിലും നിരവധി സൗകര്യങ്ങൾ ഉണ്ട്. ജർമ്മൻ, സിറിയക്, ഫ്രഞ്ച്, അറബിക്, ലാറ്റിൻ, ഹീബ്രു എന്നീ ഭാഷകൾ പഠിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ട്. |
| ബി) ഇക്കാര്യത്തിൽ ഇന്നുള്ള സൗകര്യങ്ങൾ കാലഘട്ടത്തിന് പര്യാപ്തമായ വിധത്തിലുള്ളതാണെന്ന് കരുതുന്നുണ്ടോ; | ബി) ഇല്ല. |
| സി) വിദേശരാജ്യങ്ങളുമായുള്ള ബന്ധം സുദൃഢമാകുന്നതിന് ഭാഷ ഒരു പ്രധാന ഘടകമാണെന്നതുകൊണ്ട് വിദേശ ഭാഷാ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | സി) സംസ്ഥാന സർക്കാർ ഉടൻ തന്നെ നടത്താനുദ്ദേശിക്കുന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിൽ വിദേശ സർവകലാശാലകളുൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഭാഷാ പഠനം തുടങ്ങിയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ചർച്ച ചെയ്യാനുദ്ദേശിക്കുന്നുണ്ട്. |

ഡി) കോളേജ് തലത്തിൽ അറബിക് പഠനത്തിന് നിലവിലുള്ള സൗകര്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

ഡി) കേരളത്തിൽ പതിനൊന്ന് എയ്ഡഡ് അറബിക് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിരവധി അൺ-എയ്ഡഡ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. കോളേജ് തലത്തിൽ അറബിക് രണ്ടാം ഭാഷയായും പ്രധാന വിഷയമായി ബിരുദ തലത്തിലും ബിരുദാനന്തര തലത്തിലും പഠിപ്പിക്കുന്നുണ്ട്.

ഇ) വിദേശ ഭാഷാ പഠനം പോഷിപ്പിക്കുന്നതിനും അറബിക് പഠനത്തിന് പ്രാധാന്യം നൽകുന്നതിനും ഒരു വിദേശ ഭാഷാ പഠന ഗവേഷണ യൂണിവേഴ്സിറ്റിയും/അറബിക് യൂണിവേഴ്സിറ്റിയും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇ) ഹൈദരാബാദ് ആസ്ഥാനമായ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സെന്റർ സംസ്ഥാനത്ത് ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ഒരു അറബിക് സർവകലാശാല സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ